പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 240 5-03-2012 – ൽ മറുപടിയ്ക്ക്

**പുതിയങ്ങാടി മത്സ്യബന്ധനതുറമുഖം**

ചോദ്യം ഉത്തരം

| | ശ്രീ.റ്റി. വി. രാജേഷ് | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും<br>വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി ഫിഷിംഗ് ഹാർബറിന്റെ അന്വേഷണ ഗവേഷണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; | (എ)<br>&<br>(ബി) | പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ പഠനങ്ങൾക്കായി 16.05.2009 -ൽ 15 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഹൈഡ്രോഗ്രാഫിക് സർവ്വേ, ഷോർലൈൻ സർവ്വെ, ഫ്ളോട്ട് ഒബ്സർവേഷൻ എന്നിവ പൂർത്തീകരിച്ചു. എന്നാൽ കേന്ദ്രപരിസ്ഥിതി വകുപ്പ് അടുത്ത കാലത്ത് പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ഇ.ഐ.എ. സ്റ്റഡി നടത്തുന്നത് അക്രഡിറ്റേഷൻ ഉള്ള ഏജൻസി യാകണമെന്ന് നിബന്ധനയുണ്ട്. ഇതിന് ഏകദേശം 18.00 ലക്ഷം രൂപ ചെലവ് വരും. കൂടാതെ മോഡൽ സ്റ്റഡി നടത്തുന്നതിന് 15.00 ലക്ഷം രൂപയും ചെലവ് വരുന്നു. ഈ രണ്ട് ഇനങ്ങൾക്കുമായി ഭരണാനുമതിയിൽ വകയിരുത്തിയ 3 ലക്ഷം രൂപ മതിയാകാതെ വരുന്നതിനാൽ ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ച 45.00 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | പുതിയങ്ങാടി മത്സ്യബന്ധനതുറമുഖം യാഥാർത്ഥ്യമാക്കാൻ 21.12.2011-ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി വിളിച്ച യോഗത്തിനുശേഷം എന്തൊക്കെ നടപടികളാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ